# ബാറ്ററി മാലിന്യ പരിപാലന ചട്ടങ്ങൾ, 2022

## കൈപ്പുസ്തകം

# The Battery Waste Management Rules, 2022

**(Central Rules under Environment(Protection) Act, 1986)**




**തയ്യാറാക്കിയത്**

**സി.എസ്.സന്തോഷ്**

# ബാറ്ററി മാലിന്യ പരിപാലന ചട്ടങ്ങൾ, 2022

# The Battery Waste Management Rules, 2022

- *ബാറ്ററി മാലിന്യങ്ങളുടെ ഫലപ്രദമായ പരിപാലനത്തിനായി 1986 ലെ പരിസ്ഥിതി(സംരക്ഷണം) നിയമത്തിലെ (Environment (Protection) Act, 1986) 3, 6, 8, 25 വകുപ്പുകളിലെ അധികാരം വിനിയോഗിച്ചു കൊണ്ട് കേന്ദ്ര സർക്കാർ പുതുക്കിയ ബാറ്ററി മാലിന്യ പരിപാലന ചട്ടങ്ങൾ, 2022 (Battery Waste Management Rules, 2022) പുറപ്പെടുവിച്ചു.*
- *ഇതിനു മുമ്പ് നിലവിലുണ്ടായിരുന്നത് 2001 ലെ ബാറ്ററീസ്(പരിപാലനവും കൈകാര്യവും) ചട്ടങ്ങൾ ആയിരുന്നു.*
- *22-08-2022 ലെ വിജ്ഞാപനം നം. S.O.3984(E) പ്രകാരം 2022 ലെ ബാറ്ററി മാലിന്യ പരിപാലന ചട്ടങ്ങൾ നിലവിൽ വന്നു.*

## 1. ഈ ചട്ടങ്ങൾ 2022 ലെ ബാറ്ററി മാലിന്യ പരിപാലന ചട്ടങ്ങൾ എന്ന് അറിയപ്പെടുന്നതാണ്.

## 2. ബാധകമാക്കൽ (Application)

✓ നിർമ്മാതാക്കൾ, ഡീലർമാർ, ഉപഭോക്താക്കൾ എന്നിവർക്കും ബാറ്ററി മാലിന്യങ്ങളുടെ ശേഖരണം, വേർതിരിക്കൽ, കൊണ്ടുപോകൽ, നവീകരണം, പുനചംക്രമണം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും.

✓ രാസപദാർത്ഥം, ആകൃതി, വ്യാപ്തി, തൂക്കം, അടങ്ങിയിരിക്കുന്ന പദാർത്ഥങ്ങൾ, ഉപയോഗം എന്നിവ പരിഗണിക്കാതെ എല്ലാ വിധത്തിലുള്ള ബാറ്ററികൾക്കും.

# 3. നിർവചനങ്ങൾ (Definitions)

## • ഓട്ടോമേറ്റീവ് ബാറ്ററി (automotive battery) (3(1)(b))

ഓട്ടോമേറ്റീവ് സ്റ്റാർട്ടർ, ലൈറ്റിംഗ് അല്ലെങ്കിൽ ഇഗ്നിഷൻ പവർ നൽകുന്നതിനായി മാത്രം ഉപയോഗിക്കുന്ന ബാറ്ററി.

## • ബാറ്ററി (battery) (3(1)(c))

- പുതിയതോ നവീകരിച്ചതോ ആയ സെൽ കൂടാതെ/അല്ലെങ്കിൽ ബാറ്ററി കൂടാതെ/അല്ലെങ്കിൽ അക്യുമുലേറ്റർ ഉൾപ്പെടെയുള്ള അവയുടെ ഘടകവും.
- ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്രൈമറി ബാറ്ററി കൂടാതെ/അല്ലെങ്കിൽ സെക്കണ്ടറി ബാറ്ററി ഉൾപ്പെടെ രാസോർജ്ജത്തിന്റെ നേരിട്ടുള്ള പരിവർത്തനം വഴി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതോർജ്ജത്തിന്റെ ഏതെങ്കിലും സ്രോതസ്സ് ആകേണ്ടതാണ്.

## • ബാറ്ററി പാക്ക് (battery pack) (3(1)(d))

സെല്ലുകളുടെ ഏതെങ്കിലും സെറ്റ് അല്ലെങ്കിൽ മോഡ്യൂൾ കൂടാതെ/അല്ലെങ്കിൽ അന്തിമ ഉപഭോക്താവിന് തുറക്കുവാനോ വിഭജിക്കുവാനോ ലക്ഷ്യമിട്ടല്ലാതെ ഒരു പൂർണ്ണ യൂണിറ്റ് ആക്കുന്നതിനായി ബാഹ്യ ആവരണത്താൽ ബന്ധിപ്പിച്ചതോ അല്ലെങ്കിൽ ഘടിപ്പിച്ചതോ ആയ ബാറ്ററി.

## • ബാറ്ററി പദാർത്ഥങ്ങൾ (battery materials) (3(1)(e))

ബാറ്ററിയിൽ അടങ്ങിയിരിക്കുന്ന നിക്കൽ, കോബാൾട്ട്, ലെഡ്, ലിഥിയം തുടങ്ങിയ ലോഹങ്ങളും പ്ലാസ്റ്റിക്, പേപ്പർ മുതലായ മറ്റ് വസ്തുക്കളും.

## • സെൽ (cell) (3(1)(f))

ഇലക്ട്രോഡുകൾ, ഇലക്ട്രോലൈറ്റ്, കണ്ടെയ്നറുകൾ, ടെർമിനലുകൾ, സെപറേറ്റ റുകൾ എന്നിവയുടെ സംയോജനം അടങ്ങുന്ന പ്രൈമറി കൂടാതെ/അല്ലെങ്കിൽ സെക്കണ്ടറി സെല്ലുകൾ ഉൾപ്പെടെയുള്ള രാസോർജ്ജത്തിന്റെ നേരിട്ടുള്ള പരി വർത്തനം വഴി ഊർജ്ജം ഉല്പാദിപ്പിക്കുന്ന അടിസ്ഥാന നിർവ്വഹണ യൂണിറ്റ്.

- **ഇലക്ട്രിക് വാഹന ബാറ്ററി (Electric vehicle battery) (3(1)(j))**

ഹൈബ്രിഡ്, ഇലക്ട്രിക് വാഹനങ്ങൾക്ക് റോഡ് ഗതാഗതത്തിനുള്ള ശക്തി നൽകുവാൻ പ്രത്യേകം രൂപകല്പന ചെയ്ത ബാറ്ററി.

- **ആപൽക്കരമായ മാലിന്യം (Hazardous waste) (3(1)(q))**

Hazardous and Other Wastes (Management and Transboundary Movement) Rules, 2016 ന് കീഴിൽ നിർവചിച്ചിട്ടുള്ള ആപൽക്കരമായ മാലിന്യം.

- **പോർട്ടബിൾ ബാറ്ററി (Portable battery) (3(1)(t))**

വ്യാവസായിക ആവശ്യത്തിനോ ഇലക്ട്രിക് വാഹനത്തിലോ അല്ലെങ്കിൽ ഓട്ടോമേറ്റീവ് ബാറ്ററിയായി ഉപയോഗിക്കുന്നതിനോ അല്ലാത്ത ആവശ്യത്തിനായി നിർമ്മിക്കുന്ന അഞ്ച് കിലോഗ്രാമിൽ താഴെയുള്ള സീൽ ചെയ്ത ബാറ്ററി.

- **വ്യാവസായിക ബാറ്ററി (Industrial battery) (3(1)(r))**

പോർട്ടബിൾ ബാറ്ററി, ഇലക്ട്രിക് വാഹനത്തിലോ അല്ലെങ്കിൽ ഓട്ടോമേറ്റീവ് ബാറ്ററിയായി ഉപയോഗിക്കുന്നതിനോ അല്ലാതെ വ്യാവസായിക ആവശ്യങ്ങൾക്കായി രൂപകല്പന ചെയ്ത ബാറ്ററി.

- **ഉല്പാദകൻ (Manufacturer) (3(1)(s))**

ബാറ്ററി കൂടാതെ/അല്ലെങ്കിൽ അതിന്റെ ഭാഗങ്ങൾ ഉല്പാദിപ്പിക്കുവാൻ സൗകര്യമുള്ള Companies Act, 2013 ൽ നിർവചിച്ചിട്ടുള്ള ഒരു വ്യക്തി/സ്ഥാപനം/കമ്പനി അല്ലെങ്കിൽ Factories Act, 1948 ൽ നിർവചിച്ചിട്ടുള്ള ഫാക്ടറി.

- **നിർമ്മാതാവ് (Producer) (3(1)(u))**

(1) സ്വന്തം ബ്രാന്റിനു കീഴിൽ നവീകരിച്ച ബാറ്ററിയും ഉപകരണങ്ങളും ഉൾപ്പെടെയുള്ള ബാറ്ററി നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനം.

(2) മറ്റ് ഉല്പാദകരോ വിതരണക്കാരോ നിർമ്മിക്കുന്ന നവീകരിച്ച ബാറ്ററിയും ഉപകരണങ്ങളും ഉൾപ്പെടെയുള്ള ബാറ്ററി സ്വന്തം ബ്രാന്റിനു കീഴിൽ വില്പന നടത്തുന്ന സ്ഥാപനം.

(3) ബാറ്ററിയും ബാറ്ററി അടങ്ങിയ ഉപകരണവും ഇറക്കുമതി ചെയ്യുന്ന സ്ഥാപനം.

- **പൊതു മാലിന്യ പരിപാലന അധികാരികൾ (Public Waste Management Authorities) (3(1)(v))**

ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്കായി താഴെ പറയുന്നവർ പൊതു മാലിന്യ പരിപാലന അധികാരികൾ ആയിരിക്കുന്നതാണ്:

- ✓ **ഗ്രാമപഞ്ചായത്ത്**
- ✓ **മുനിസിപ്പൽ കോർപ്പറേഷൻ**
- ✓ **മുനിസിപ്പാലിറ്റി**
- ✓ **മേൽ സൂചിപ്പിച്ചവർക്കു വേണ്ടിയുള്ള ഏജൻസികൾ**

- **ഉപയോഗിച്ച ബാറ്ററി (Used battery) (3(1)(zd))**

ഉപയോഗിച്ചതും പ്രവർത്തന കാലം അവശേഷിക്കുന്നതുമായതും നവീകരണത്തിന് അനുയോജ്യവുമായ ബാറ്ററി കൂടാതെ/അല്ലെങ്കിൽ അതിന്റെ ഭാഗങ്ങൾ.

*അസ്സൽ ചട്ടങ്ങളിലെ ചട്ടം 3 ൽ ഉൾപ്പെട്ടിട്ടുള്ള നിർവചനങ്ങളിൽ പ്രസക്തമായവ മാത്രമാണ് കൈപ്പുസ്തകത്തിൽ ചേർത്തിട്ടുള്ളത്. അസ്സൽ ചട്ടങ്ങളിലെ മറ്റ് നിർവചനങ്ങൾ കൂടി കാണുക.*



## 4. നിർമ്മാതാവിന്റെ പ്രവർത്തനങ്ങൾ (Functions of producer)

- പുനചംക്രമണത്തിനോ നവീകരണത്തിനോ ഉള്ള ഉത്തരവാദിത്ത ലക്ഷ്യം കൈവരിക്കുന്നതിനായി വിപണിയിൽ അവതരിപ്പിക്കുന്ന ബാറ്ററിയുടെ നിർമ്മാതാവിന് നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.
- ഷെഡ്യൂൾ II ൽ സൂചിപ്പിച്ചിട്ടുള്ള ശേഖരണം, പുനചംക്രമണം കൂടാതെ/അല്ലെങ്കിൽ നവീകരണ ലക്ഷ്യം നിർമ്മാതാവ് കൈവരിക്കേണ്ടതാണ്.
- നിർമ്മാതാവ് ശേഖരിക്കുന്ന മാലിന്യ ബാറ്ററി പുനചംക്രമണത്തിനോ നവീകരണത്തിനോ അയയ്ക്കേണ്ടതാണ്. ലാന്റ് ഫില്ലിംഗിനോ കത്തിച്ചു കളയുന്നതിനോ അയയ്ക്കുവാൻ പാടുള്ളതല്ല.
- ബാറ്ററിയുടെ ഉല്പാദനം നടത്തുന്ന വ്യക്തിയോ സ്ഥാപനമോ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ നിർമ്മാതാവായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ കാലാവധി കഴിയുന്നതിന് അറുപത് ദിവസം മുമ്പ് രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷിക്കേണ്ടതാണ്.
- രജിസ്ട്രേഷൻ വിവരത്തിലെ ഏതൊരു മാറ്റവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിക്കേണ്ടതാണ്.
- നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത പ്ലാൻ ഓരോ വർഷവും ജൂൺ 30 നുമുമ്പ് ഫോറം 1(ഇ) യിൽ കേന്ദ്ര മലിനീകരണ ബോർഡിന ് സമർപ്പിക്കേണ്ടതാണ്.
- നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്തം നിറവേറ്റുന്നതിനായി നിർമ്മാതാവിന് നേരിട്ട് അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തി പാഴായ ബാറ്ററി ശേഖരിക്കുകയും പുനചംക്രമണം ചെയ്യുകയും അല്ലെങ്കിൽ നവീകരിക്കാവുന്നതുമാണ്.
- പാഴായ ബാറ്ററി ശേഖരിച്ചതിന്റെയും പുനചംക്രമണം നടത്തിയതിന്റെയും അല്ലെങ്കിൽ നവീകരണം നടത്തിയതിന്റെയും വിവരം രേഖപ്പെടുത്തി നിർമ്മാതാവ് ഫോറം 3 ൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

- ഷെഡ്യൂൾ I ൽ നിർദ്ദേശിച്ചിരിക്കുന്ന നിരോധനങ്ങളും ലേബലിംഗ് വ്യവസ്ഥകളും പാലിക്കേണ്ടതാണ്.
- മനുഷ്യന്റെ ആരോഗ്യത്തിനോ പരിസ്ഥിതിക്കോ യാതൊരു ദോഷവും വരുത്താതെ ബാറ്ററിയോ പാഴായ ബാറ്ററിയോ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നത് ഉറപ്പാക്കേണ്ടതാണ്.
- പാഴായ ബാറ്ററി കൈകാര്യം ചെയ്യുന്നതും പരിപാലിക്കുന്നതുമായ ഏതെങ്കിലും സ്ഥാപനം ഈ ചട്ടങ്ങൾ ലംഘിച്ചാൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

## 5. ഉപഭോക്താവിന്റെ പ്രവർത്തനങ്ങൾ (Functions of Consumer)

- മറ്റ് മാലിന്യങ്ങളിൽ നിന്നും പ്രത്യേകിച്ച് മിശ്രിത മാലിന്യം, ഗാർഹിക മാലിന്യം എന്നിവയിൽ നിന്ന് വേറിട്ട് മാലിന്യ ബാറ്ററി പ്രത്യേകം കയ്യൊഴിക്കൽ.
- ശേഖരണത്തിലോ നവീകരണത്തിലോ പുനചംക്രമണത്തിലോ ഏർപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനത്തിന് പാഴായ ബാറ്ററികൾ നൽകിക്കൊണ്ട് പരിസ്ഥിതി സൗഹൃദമായ രീതിയിൽ അവ നീക്കം ചെയ്യുന്നുവെന്ന് ഉറപ്പാക്കൽ.

## 6. പൊതു മാലിന്യ പരിപാലന അധികാരികളുടെ പ്രവർത്തനങ്ങൾ (Functions of public waste management authorities)

- ***ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, അവർക്കുവേണ്ടിയുള്ള ഏജൻസികൾ***

✓ പൊതു മാലിന്യ പരിപാലന അധികാരികൾ ശേഖരിച്ച പാഴായ ബാറ്ററികൾ നിർമ്മാതാക്കൾക്കോ അവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഏജൻസികൾക്കോ നവീകരണത്തിലോ പുനചംക്രമണത്തിലോ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിനോ കൈമാറുകയോ അവയുടെ നവീകരണവും പുനചംക്രമണവും സ്വയമേവ നടത്തുകയോ ചെയ്യുന്നതാണ്.

## 7. ശേഖരണം, വേർതിരിക്കൽ, പരിപാലനം എന്നിവ നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ (Functions of entity involved in collection, segregation and treatment)

- രജിസ്റ്റർ ചെയ്തിട്ടുള്ള നവീകരണം നടത്തുന്നവർക്കോ പുനചംക്രമണം നടത്തുന്നവർക്കോ പാഴായ ബാറ്ററി കൈമാറുന്നതിനുള്ള ഉത്തരവാദിത്തം ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്കായിരിക്കുന്നതാണ്.
- സംവിധാനത്തിലെ സൗകര്യവും ഏതൊരു പ്രവർത്തനവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖ പ്രകാരമാണെന്ന് ഉറപ്പാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരിക്കും.

## 8. നവീകരണം നടത്തുന്നവരുടെ പ്രവർത്തനങ്ങൾ (Functions of Refurbisher)

- നവീകരണം നടത്തുന്നവരെല്ലാം കേന്ദ്രീകൃത പോർട്ടൽ മുഖേന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോറം 2(ബി) യിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- ഒറ്റത്തവണ രജിസ്ട്രേഷനു വേണ്ടി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഫോറം 2(എ) യിൽ അപേക്ഷ നൽകേണ്ടതാണ്.
- ഏതൊരു പ്രവർത്തനവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കൽ.
- സ്ഥാപനത്തിന്റെ ഏതെങ്കിലും പ്രവർത്തനത്തിൽ നിന്നും ഉണ്ടാകുന്ന ആപൽക്കരമായ മാലിന്യങ്ങൾ Hazardous and Other Wastes(Management and Transboundary Movement) Rules, 2016 ലെ വ്യവസ്ഥകൾക്ക് അനുസൃതമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- മറ്റ് മാലിന്യങ്ങൾ Solid Waste Management Rules, 2016, Plastic Waste Management Rules, 2016 പോലുള്ള നിലവിലുള്ള നിയന്ത്രണങ്ങൾക്ക് അനുസൃതമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.

- നവീകരണ പ്രക്രിയകളും സൗകര്യങ്ങളും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന സ്റ്റാന്റേർഡുകൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കൽ.
- ശേഖരിക്കുന്ന ഉപകരണത്തിൽ ബാറ്ററി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പാഴായ ബാറ്ററി നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- ഫോറം 4 ൽ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.
- സ്ഥാപനം ത്രൈമാസത്തിൽ സംസ്കരിച്ച പാഴായ ബാറ്ററിയുടെ അളവ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പോർട്ടലിലും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും ലഭ്യമാക്കുന്നതാണ്.
- ഈ ചട്ടങ്ങൾ പ്രകാരം ആവശ്യമായ രജിസ്ട്രേഷൻ എടുക്കാത്ത മറ്റേതെങ്കിലും സ്ഥാപനവുമായി ഇടപാടുകൾ നടത്തുവാൻ പാടുള്ളതല്ല.

## 9. പുനചംക്രമണം നടത്തുന്നവരുടെ പ്രവർത്തനങ്ങൾ (Functions of Recycler)

- പുനചംക്രമണം നടത്തുന്നവരെല്ലാം കേന്ദ്രീകൃത പോർട്ടൽ മുഖേന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോറം 2(ബി) യിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- ഒറ്റത്തവണ രജിസ്ട്രേഷനു വേണ്ടി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഫോറം 2(എ) യിൽ അപേക്ഷ നൽകേണ്ടതാണ്.
- ഏതൊരു പ്രവർത്തനവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗ രേഖയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കൽ.
- സ്ഥാപനത്തിന്റെ ഏതെങ്കിലും പ്രവർത്തനത്തിൽ നിന്നും ഉണ്ടാകുന്ന ആപൽക്കരമായ മാലിന്യങ്ങൾ Hazardous and Other Wastes(Management and Transboundary Movement) Rules, 2016 ലെ വ്യവസ്ഥകൾക്ക് അനുസൃതമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.

- മറ്റ് മാലിന്യങ്ങൾ Solid Waste Management Rules, 2016, Plastic Waste Management Rules, 2016, E-waste(Management) Rules, 2016 (നിലവിൽ E-waste(Management) Rules, 2022) പോലുള്ള നിലവിലുള്ള നിയന്ത്രണങ്ങൾക്ക് അനുസൃതമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- പുനചംക്രമണ പ്രക്രിയകളും സൗകര്യങ്ങളും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന സ്റ്റാന്റേർഡുകൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കൽ.
- ശേഖരിക്കുന്ന ഉപകരണത്തിൽ ബാറ്ററി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പാഴായ ബാറ്ററി നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- ഫോറം 4 ൽ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.
- സ്ഥാപനം ത്രൈമാസത്തിൽ പുനചംക്രമണം ചെയ്ത മാലിന്യ ബാറ്ററിയുടെ അളവ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പോർട്ടലിലും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും ലഭ്യമാക്കുന്നതാണ്.
- ഈ ചട്ടങ്ങൾ പ്രകാരം ആവശ്യമായ രജിസ്ട്രേഷൻ എടുക്കാത്ത മറ്റേതെങ്കിലും സ്ഥാപനവുമായി ഇടപാടുകൾ നടത്തുവാൻ പാടുള്ളതല്ല.

## 10. പാഴായ ബാറ്ററികളുടെ സർട്ടിഫിക്കറ്റിനുള്ള വ്യവസ്ഥകൾ (Provision of Certificate for Waste Battery)

- മാലിന്യ ബാറ്ററികളുടെ നവീകരണം, പുനചംക്രമണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് മാലിന്യ ബാറ്ററി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- സർട്ടിഫിക്കറ്റുകളിൽ സ്ഥാപനത്തിന്റെ ജി.എസ്.ടി ഡാറ്റ കൂടി ഉൾപ്പെടുന്നതാണ്.
- കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഓൺലൈൻ പോർട്ടലിൽ അത്തരം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതാണ്.

*(വിശദാംശങ്ങൾക്ക് ചട്ടം കാണുക).*



## 11. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ (Functions of Central Pollution Control Board)

- നിർമ്മാതാവിനെ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കൽ.
- അപേക്ഷാ ഫീ, റിട്ടേണുകൾ എന്നിവയുടെ ഫീസ് നിശ്ചയിക്കൽ.
- പൂർണ്ണമായ അപേക്ഷ ലഭിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- നിർമ്മാതാവിന്റെ രജിസ്ട്രേഷന് അഞ്ച് വർഷത്തേക്ക് സാധുതയുണ്ടാകുന്നതാണ്.
- സംസ്ഥാന സർക്കാരുകളുമായി വിവരം പങ്ക് വയ്ക്കൽ.
- രജിസ്ട്രേഷൻ പുതുക്കി നൽകൽ.
- ലംഘനം ഉണ്ടായാൽ രജിസ്ട്രേഷൻ തടയൽ/റദ്ദാക്കൽ, പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തൽ.
- നിർമ്മാതാക്കൾ ഈ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- നേരിട്ടോ ചുമതലപ്പെടുത്തിയ ഏജൻസി മുഖേനയോ പരിശോധന നടത്തൽ.
- ജി.എസ്.ടി പോർട്ടലിൽ നിന്നുള്ള ഡാറ്റ ഉൾപ്പെടെ ഉപയോഗപ്പെടുത്തി നേരിട്ടോ ഏജൻസി മുഖേനയോ ഡാറ്റയുടെ ഓഡിറ്റ് നടത്തൽ.
- നിർമ്മാതാവിനെതിരെയുള്ള കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ നൽകേണ്ടത് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനാണ്. ജോയിന്റ് സെക്രട്ടറി/തുല്യ യോഗ്യതയുള്ള ഉദ്യോഗസ്ഥൻ അപ്പലറ്റ് അതോറിറ്റി ആയിരിക്കുന്നതാണ്.
- മുപ്പത് ദിവസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്.
- പുനചംക്രമണം/നവീകരണം നടത്തുന്നവർക്കെതിരെയുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തീരുമാനത്തിനെതിരെയുള്ള അപ്പലറ്റ് അധികാരി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

- ബാറ്ററി മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, കടത്തിക്കൊണ്ടു പോകൽ, പുനരുപയോഗം, പുനചംക്രമണം എന്നിവ പരിസ്ഥിതിക്ക് അനുയോജ്യമായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുറപ്പെടുവിക്കൽ.
- ഓൺലൈൻ പോർട്ടലിൽ നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് കൈമാറുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ.
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളിൽ നിന്നുള്ള ഡാറ്റ ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തൽ.
- സ്റ്റേക് ഹോൾഡർമാരുമായുള്ള നിരന്തര സംവാദം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ.
- ചട്ടങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ചട്ടം 15 അനുസരിച്ചുള്ള നടപ്പാക്കൽ കമ്മിറ്റി രൂപീകരിക്കൽ.
- ബാറ്ററി മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകളുടെ അവലോകനം നടത്തുക.
- ബാറ്ററി മാലിന്യങ്ങളുടെ പുനരുപയോഗം, പുനചംക്രമണം എന്നിവയ്ക്കുള്ള സാങ്കേതിക വിദ്യകളുടെയും സ്റ്റാന്റേർഡുകളുടെയും മാർഗ്ഗരേഖ പുറപ്പെടുവിക്കുക.
- സാങ്കേതികവും വാണിജ്യപരവുമായ സാധ്യതകളെ അടിസ്ഥാനമാക്കി പുനചംക്രമണത്തിലൂടെ ബാറ്ററി വസ്തുക്കളുടെ വീണ്ടെടുക്കൽ സംബന്ധിച്ച് വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് ശുപാർശ സമർപ്പിക്കൽ.

## 12 സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ (Functions of State Pollution Control Board)

- നവീകരണത്തിലും പുനചംക്രമണത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫോറം 2(B) യിൽ നടത്തുക.
- നവീകരണത്തിലോ പുനചംക്രമണത്തിലോ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ തെറ്റായ വിവരം നൽകിയതായി കണ്ടാൽ രജിസ്ട്രേഷൻ അഞ്ചു വർഷം വരെ താത്കാലികമായി തടയുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

- സ്ഥാപനങ്ങൾ സമർപ്പിച്ച നവീകരണത്തിന്റെ അല്ലെങ്കിൽ പുനചംക്രമണ ത്തിന്റെ വിവരം കാണിക്കുന്ന ത്രൈമാസ പത്രിക കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കേണ്ടതും ഓൺലൈൻ ആയി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്.
- ചട്ടങ്ങൾ പ്രകാരമുള്ള ബാധ്യതകൾ നിറവേറ്റുന്നതിൽ ഉൾപ്പെട്ടിട്ടുള്ള പങ്കാളി കൾക്കിടയിലുള്ള പതിവ് സംഭാഷണം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതാണ്.
- ചട്ടങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതു സംബന്ധിച്ച് ഓരോ വർഷവും ജൂൺ 30 നു മുമ്പ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## 13 ലംഘനങ്ങൾക്കെതിരെയുള്ള നടപടിയും പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തലും (Action on violations and imposition of Environmental Compensation)

താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയാൽ പാരിസ്ഥിതിക നഷ്ടപരിഹാരം ഈടാക്കേണ്ടതാണ്.

- ✓ ഈ ചട്ടങ്ങൾ പ്രകാരം നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപന ങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചാൽ.
- ✓ ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ തെറ്റായ വിവരം നൽകുകയോ വസ്തുതകൾ മനഃപൂർവ്വം മറച്ചു വയ്ക്കുകയോ ചെയ്താൽ.
- ✓ ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ വ്യാജ/കൃത്രിമ രേഖ കൾ ചമച്ചാൽ.
- ✓ പാഴായ ബാറ്ററിയുടെ ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ അവ നല്ല രീതിയിൽ കൈകാര്യം ചെയ്യാതി രുന്നാൽ.

- നിർമ്മാതാവ് തന്റെ വിപുലീകൃത ഉത്തരവാദിത്തം നിറവേറ്റാതിരുന്നാലും ചട്ടങ്ങൾ പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റാതിരുന്നാലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് പാരിസ്ഥിതിക നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്.
- പാഴായ ബാറ്ററിയുടെ നവീകരണം നടത്തുന്നവരും പുനചംക്രമണം നടത്തുന്നവരും ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരും ചട്ടങ്ങൾ പ്രകാരമുള്ള ഉത്തരവാദിത്തം നിറവേറ്റാതിരുന്നാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അവരുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും പാരിസ്ഥിതിക നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്.
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറുപത് ദിവസങ്ങൾക്കകം നടപടികൾ എടുക്കുന്നില്ലെങ്കിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.
- പാരിസ്ഥിതിക നഷ്ട പരിഹാരം ഒടുക്കുന്നത് ഈ ചട്ടങ്ങൾ പ്രകാരമുള്ള നിർമ്മാതാവിനെ വിപുലീകൃത ഉത്തരവാദിത്ത ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതല്ല.
- ഒരു പ്രത്യേക വർഷത്തിൽ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത നിറവേറ്റാതിരുന്നാൽ അടുത്ത വർഷത്തേക്ക് ആയത് മാറ്റുന്നതും മൂന്ന് വർങ്ങളിലേക്കായി വിഭജിക്കുന്നതുമാണ്.
- പാരിസ്ഥിതിക നഷ്ടപരിഹാരത്തിൻകീഴിൽ ശേഖരിക്കുന്ന ഫണ്ടുകൾ കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രത്യേക എസ്ക്രോ അക്കൗണ്ടിൽ (escrow account) സൂക്ഷിക്കുന്നതാണ്.
- പാഴായ ബാറ്ററി ശേഖരിക്കാത്തതിന്, പുനചംക്രമണം ചെയ്യാത്തതിന് അല്ലെങ്കിൽ നവീകരിക്കാത്തതിന് ഈടാക്കിയ നഷ്ടപരിഹാരം ശേഖരണം, നവീകരണം അല്ലെങ്കിൽ പുനചംക്രമണം എന്നിവയ്ക്കായി ഉപയോഗിക്കേണ്ടതാണ്.
- ചട്ടങ്ങൾ പ്രകാരമുള്ള ബാധ്യതകൾ നിറവേറ്റാത്തപക്ഷം 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വകുപ്പ് 15 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.


## 14 കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ (Centralised Online Portal)

- നിർമ്മാതാക്കളുടെയും പുനചംക്രമണം നടത്തുന്നവരുടെയും നവീകരണം നടത്തുന്നവരുടെയും രജിസ്ട്രേഷനും റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുമായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഒരു ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് ഈ പോർട്ടൽ ഉപയോഗപ്പെടുത്താവുന്നതാണ്.

## 15 നടപ്പാക്കുന്നതിനുള്ള കമ്മിറ്റി (Committee for Implementation)

- പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി കേന്ദ്ര സർക്കാർ രൂപീകരിക്കേണ്ടതാണ്.

*(ചട്ടം കാണുക)*



## ഷെഡ്യൂളുകളുടെ പട്ടിക

| ഷെഡ്യൂൾ | വിഷയം |
|---|---|
| I | Prohibitions and Labelling Requirments |
| II | Targets for Extended Producer Responsibility |

## ഫോറങ്ങളുടെ പട്ടിക

| ഫോറം | വിഷയം |
|---|---|
| 1(A) | Applications to be submitted for grant or renewal of registration as a producer (See Rule 4) |
| 1(B) | Format for Grant of registration to Producer by Central Pollutions Control Board (See rule 11) |
| 1(C) | Format for submission of Extended Producer Responsibility Plan by the Producer (See Rule 4) |
| 2(A) | Application to be submitted by Recycler or Refurbisher for grant of one time registration (See Rule 8 and 9) |
| 2(B) | Format for grant of registration to Recycler or Refurbisher by the State Pollution Control Board (See Rule 12) |
| 3 | Annual return to be submitted by Producer by 30$^{th}$ day of June of the following financial year (See Rule 4) |
| 4 | Quarterly return to be submitted by Recycler or Refurbisher to State Pollution Control Boards by end of the month succeeding the end of the qurter (See Rule 8 and 9) |

നന്ദി...

സുസ്മിത.കെ.വി, ഓഡിറ്റ് ഓഫീസർ, കെ.എസ്.എ.ഡി

**തയ്യാറാക്കിയത്**

സി.എസ്.സന്തോഷ്,
ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
9447594110
cscholayilttm@gmail.com

**സ്വകാര്യ ആവശ്യത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം**

തത്തമംഗലം,
09–11–2023

# കുറിപ്പ്